മലയാള മനോരമ
ESTABLISHED 1888
29 July 2017



വിളവെടുത്ത മോദ

# വിത്തു മൽസ്യ ബാങ്ക്: സിഎംഎഫ്ആർഐക്ക് ഒൻപതു കോടി

കൊച്ചി ● ദേശീയതലത്തിൽ വിത്തു മൽസ്യ ബാങ്കുകൾ സ്ഥാപിക്കുന്നതിനു കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനത്തിനു (സിഎംഎഫ്ആർഐ) കേന്ദ്ര സർക്കാർ ഒൻപതു കോടി രൂപ അനുവദിച്ചു.

മോദ, വറ്റ എന്നീ കടൽമീനുകളുടെ വിത്തുമൽസ്യ ബാങ്കുകൾ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമാണു സാമ്പത്തിക സഹായം. പ്രജനനത്തിനു പാകമായ മൽസ്യങ്ങളുടെ ശേഖരമാണു വിത്തുമൽസ്യ ബാങ്ക്.

സിഎംഎഫ്ആർഐയുടെ മണ്ഡപം, വിഴിഞ്ഞം ഗവേഷണ കേന്ദ്രങ്ങളിലാണു മാതൃ മൽസ്യ ബാങ്ക് സ്ഥാപിക്കുന്നത്. പ്രാദേശിക വിത്തുൽപാദന കേന്ദ്രങ്ങൾ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും സ്ഥാപിക്കും. വിത്തുൽപാദനത്തിനാവശ്യമായ എല്ലാ സംവിധാനങ്ങളും ഉൾക്കൊള്ളുന്നതാണു വിത്തുമൽസ്യ ബാങ്ക്. ഗുണനിലവാരമുള്ള മൽസ്യവിത്തുകളുടെ ദൗർലഭ്യം സമുദ്രകൃഷി വ്യാപനത്തിനു തടസ്സമാകുന്ന സാഹചര്യത്തിലാണു പുതിയ സംവിധാനം നിലവിൽ വരുന്നത്.

കൂടു മൽസ്യ കൃഷിക്ക് ഏറെ അനുയോജ്യമായ മോദ, വറ്റ മീൻകുഞ്ഞുങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും ആവശ്യമായ തോതിൽ ലഭ്യമാക്കാനാണു ലക്ഷ്യമിടുന്നതെന്നു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അറിയിച്ചു. കൃഷിയിറക്കാൻ പാകമായ ഒരു കോടി വറ്റ മീൻകുഞ്ഞുങ്ങളെയും 30 ലക്ഷം മോദ കുഞ്ഞുങ്ങളെയും ഉൽപാദിപ്പിക്കാനാകും.

സിഎംഎഫ്ആർഐയുടെ മണ്ഡപം ഗവേഷണ കേന്ദ്രത്തെ കൂടുമൽസ്യകൃഷിയുടെ നോഡൽ ഹബ്ബാക്കി മാറ്റുന്ന തരത്തിലാണു പദ്ധതി. രാജ്യത്തിന്റെ എല്ലാ ഭാഗത്തേക്കുമുള്ള മീൻകുഞ്ഞുങ്ങളെ ഇവിടെ ഉൽപാദിപ്പിക്കും. പ്രാദേശിക മീൻ വിത്തുൽപാദന കേന്ദ്രങ്ങളിലൂടെയാവും വിതരണം.